**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**
**Fax.No:0471 2331513**

സി.ജി.(1) 36780 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **24/10/2013**

## സർക്കുലർ നമ്പർ 63/2013

വിഷയം– സഹകരണ വകുപ്പ്– റിസ്ക്ക് ഫണ്ട് പദ്ധതി–ആനുകൂല്യത്തിനുള്ള അപേക്ഷകൾ യഥാസമയം ബോർഡിലേയ്ക്ക് അയക്കുന്നത് സംബന്ധിച്ച്.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽകുന്ന ഒരു നിശ്ചിത തുക വരെ എഴുതി തള്ളുന്നതിനും, വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരക രോഗം ബാധിച്ച് വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയാണെങ്കിൽ വായ്പ മുതലിനത്തിലുള്ള 75000/–രൂപയും ആയതിന്റെ പലിശയും എഴുതി തള്ളുന്നതിനായി കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. വായ്പക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശികൾ ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകേണ്ടതാണെന്നും അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം സഹകരണ സംഘത്തിന്റെ ഭരണ സമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ ശുപാർശ ചെയ്ത് തീരുമാനം കൈക്കൊണ്ട് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) ശുപാർശയോട് കൂടി റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിന്റെ സെക്രട്ടറിയ്ക്ക് അയച്ചു കൊടുക്കണമെന്ന് റിസ്ക്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 11–ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ റിസ്ക്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം ബോർഡ് സെക്രട്ടറിയ്ക്ക് ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) വായ്പക്കാരൻ മരണപ്പെട്ടാൽ അനന്തരാവകാശികൾ സഹകരണ സംഘത്തിന് നൽകുന്ന അപേക്ഷ ബന്ധപ്പെട്ട ഭരണസമിതി പരിശോധിച്ച് അർഹതയുണ്ടെങ്കിൽ ഒരു മാസത്തിനകം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ക്ക് നൽകേണ്ടതാണ്.
2) സഹകരണ സ്ഥാപനങ്ങളിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർക്ക് ലഭിക്കുന്ന അപേക്ഷ, അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കകം കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഈ സമയ പരിധി കർശനമായും പാലിക്കേണ്ടതാണ്.

3) ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മ്മാർ വിളിച്ചു ചേർക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിൽ ലഭിക്കുന്ന റിസ്ക്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ബോർഡിലേയ്ക്ക് നൽകുന്ന വിഷയം പ്രത്യേകം അവലോകനം ചെയ്യേണ്ടതും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്,

കെ.ഗോപാലകൃഷ്ണ ഭട്ട്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1) രജിസ്ട്രാർ
കേരള ഹൈക്കോടതി–ഉപരിപത്രം സഹിതം,
എറണാകുളം.
2) സെക്രട്ടറി
കേരള നിയമസഭ– ഉപരിപത്രം സഹിതം.
3) ആഡിറ്റ് ഡയറക്ടർ
ആഡിറ്റ് ഡയറക്ടറുടെ ആഫീസ്
വികാസ് ഭവൻ, തിരുവനന്തപുരം.
4) ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്
റ്റി.സി.25/357(4), ഗാന്ധാരി അമ്മൻ കോവിൽ റോഡ്, തിരുവനന്തപുരം.
5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മുഖേന)
7) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
8) ജില്ലയിലെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
9) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10) വെബ്സൈറ്റ്
11) സ്റ്റോക്ക് ഫയൽ/ സ്പെയർ